## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നംമ്പർ** . 40 — 06.03.2012 -ൽ മറുപടിയ്ക്ക്

### കൃഷിഭൂമിയും വനം പരിസ്ഥിതി നിയമവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>,, കെ.കെ. ജയചന്ദ്രൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. രാജു എബ്രഹാം | **ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| എ) കൃഷി ഭൂമിയെ വനം പരിസ്ഥിതി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാനുള്ള എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് (2005-ലെ 21-ാം ആക്ട്) പ്രകാരം കൃഷി ഭൂമി ഒന്നും തന്നെ ഇ.എഫ്.എൽ. നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഇ.എഫ്.എൽ. നിയമം നടപ്പാക്കുമ്പോൾ അതിൽ കൃഷിഭൂമി ഏതെങ്കിലും പെട്ടുപോയിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് തിരികെ നൽകാൻ നിയമത്തിൽതന്നെ 10, 10എ, 19 എന്നീ വകുപ്പുകളിൽ വ്യവസ്ഥകളുണ്ട്. ഇ.എഫ്.എൽ. നിയമം നടപ്പാക്കിയതുമൂലം ചെറുകിട കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് 2009 ആഗസ്റ്റ് 20-ാം തീയതി പ്രസ്തുത നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 എ പ്രകാരം 02.06.2000-ൽ 2 ഹെക്ടറിൽ കൂടുതലല്ലാത്ത വിസ്തൃതി ഉള്ളതും 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതുമായ ഭൂപ്രദേശത്തിന്റെ ഏതൊരു ഉടമയ്ക്കും അതു സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ തീർപ്പിനായി പ്രധാന മുഖ്യവനപാലകൻ മുമ്പാകെ നിയമം ഭേദഗതി ചെയ്ത തീയതിയായ |

20.08.2009 മുതൽ ആറുമാസത്തിനകമോ പുതിയ വിജ്ഞാപനം വല്ലതും പുറപ്പെടുവിക്കുകയാണെങ്കിൽ ആ വിജ്ഞാപന തീയതി മുതൽ ആറുമാസത്തിനകമോ അപേക്ഷ സമർപ്പിക്കാം. അങ്ങനെ ലഭിക്കുന്ന അപേക്ഷ എത്രയും വേഗത്തിൽ സുതാര്യമായ രീതിയിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിക്കുന്നതിന് ഉൾപ്പെടെയുള്ള നിയമ ഭേദഗതിയാണ് വകുപ്പ് 10 എ പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

കൂടാതെ 03.11.2011-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനവും കൈക്കൊണ്ടിരുന്നു. നിയമത്തിന്റ വകുപ്പ് 3(1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ കൃഷിഭൂമി ഇ.എഫ്.എൽ വിജ്ഞാപനത്തിൽ പെട്ടുപോകാതിരിക്കാൻ മേലിൽ ഒരുസ്ഥലം ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്യുന്നതിനുമുമ്പ് ഭൂമി കൃഷിഭൂമിയാണോയെന്ന് ജില്ലാ കളക്ടർ (ചെയർമാൻ), ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (കൺവീനർ), ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പ്രദേശത്തെ എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി സ്ഥലപരിശോധന നടത്തി പ്രസ്തുത സ്ഥലം കൃഷിഭൂമിയല്ലായെന്ന് ഉറപ്പുവരുത്തിയശേഷം മാത്രം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

ബി) മുൻസർക്കാർ പുറപ്പെടുവിച്ച വനം ഓർഡിനൻസ് റദ്ദാക്കപ്പെട്ട സാഹചര്യത്തിൽ, പ്രസ്തുത ഓർഡിനൻസ് അനുസരിച്ച് ലഭ്യ

ബി) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് (2005-ലെ 21-ാം ആക്ട്) നിലവിൽ

| | | | |
|---|---|---|---|
| | മായ വനഭൂമി വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | വരുന്നതിന് മുമ്പ് പരിസ്ഥിതി ദുർബലപ്രദേശങ്ങളുമായി ബന്ധപ്പെട്ട് 2000 – 2001 വർഷങ്ങളിൽ താഴെപ്പറയുന്ന ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.<br><br>ഓർഡിനൻസ് നമ്പർ — തീയതി<br>6/2000 — 02.06.2000<br>8/2000 — 27.07.2000<br>3/2001 — 27.01.2001<br>16/2001 — 13.03.2001<br><br>മുകളിൽ പറഞ്ഞ ഓർഡിനൻസുകൾക്ക് തുടർച്ചയായി 02.06.2000 മുതൽ മുൻകാല പ്രാബല്യത്തോടെ ഇ.എഫ്.എൽ നിയമം നിലവിൽ വരികയും ടി. നിയമത്തിൽ മുൻ ഓർഡിനൻസുകളെ സാധൂകരിക്കുകയും ചെയ്തിരുന്നു. സർക്കാർ 20.08.2009 തീയതിയിൽ 20/2009 നമ്പരായി 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം മാത്രമായി ഭൂമി ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. തുടർന്ന് 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് ഭേദഗതി നിയമം നിലവിൽ വന്നതിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരമുള്ള നടപടികൾ സാധൂകരിക്കുകയും ചെയ്തു. |
| (സി) | കൃഷിസ്ഥലത്ത് വാസഗൃഹങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത ഭൂമിയെ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് | (സി) | വാസഗൃഹങ്ങൾ ഉള്ള കൃഷിസ്ഥലങ്ങൾ ഇ.എഫ്.എൽ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ഇ.എഫ്.എൽ നിയമത്തിന്റെ വകുപ്പ് 2 ഉപവകുപ്പ് (സി) യിൽ "വനം എന്നാൽ |

2005-ൽ പാസാക്കിയ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമായും സ്വാഭാവികമായി വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമി എന്ന് അർത്ഥമാകുന്നതും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ്വ് വനമെന്നോ സംരക്ഷിതവനമെന്നോ മറ്റേതെങ്കിലും തരത്തിലോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ ഏതൊരുവനവും ഉൾപ്പെടുന്നതും എന്നാൽ പ്രധാനമായും തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക്, കശുമാവ് എന്നിവ പോലെയുള്ള ദീർഘകാലവിളകളിലേതെങ്കിലും കൃഷിചെയ്തിട്ടുള്ള ഏതൊരു ഭൂമിയോ, വാസഗൃഹങ്ങൾ ഇരിക്കുന്നതും അതിന് ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിനും അത്യാവശ്യമായിട്ടുള്ളതുമായ മറ്റേതെങ്കിലും ഭൂമിയോ ഉൾപ്പെടാത്തതുമാകുന്നു."

വാസഗൃഹങ്ങളെന്നാൽ താമസത്തിനുവേണ്ടി തയ്യാറാക്കി 02.06.2000-ന് മുമ്പ് മുതൽ തുടർച്ചയായി താമസിച്ചുവന്നിരുന്ന കെട്ടിടം എന്നും വാസഗൃഹത്തിന് ചുറ്റും സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായ മറ്റേതെങ്കിലും ഭൂമി എന്നാൽ വാസഗൃഹത്തിനു ചുറ്റുമുള്ള അര ഹെക്ടർ ഭൂമി എന്നും 2007-ൽ പുറപ്പെടുവിച്ച ചട്ടത്തിൽ നിർവ്വചിക്കുന്നുണ്ട്. ആകയാൽ ഏതെങ്കിലും കാരണവശാൽ ഇത്തരം ഭൂമി വിജ്ഞാപനം ചെയ്ത്പോയിട്ടുണ്ടെങ്കിൽ ആയവ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ 2003-ലെ ഇ.എഫ്.എൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ